**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2480 — 05.11.2019-ലെ മറുപടിയ്ക്ക്

**<u>നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ് നിർമ്മാണം</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.വി. അൻവർ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ് നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | 2016 - 17 സാമ്പത്തിക വർഷത്തെ ബജറ്റിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ച നിലമ്പൂർ മിനിസ്റ്റേഡിയം കോംപ്ലക്സിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു. നിലവിൽ 17% പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | മിനി സ്റ്റേഡിയം കോംപ്ലക്സിലെ നാനൂറ് മീറ്റർ സിന്തറ്റിക് ട്രാക്ക് ആറ് ലൈനുകൾക്ക് പകരം എട്ട് ലൈനാക്കി പുനക്രമീകരിക്കണമെന്ന് അഭ്യർത്ഥിച്ച് 14.05.2019 തീയതി വച്ച് എം.എൽ.എ., വകുപ്പ് മന്ത്രിയ്ക്ക് നൽകിയ കത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | മിനി സ്റ്റേഡിയം കോംപ്ലക്സിലെ നാനൂറ് മീറ്റർ സിന്തറ്റിക് ട്രാക്ക് ആറ് ലൈനുകൾക്ക് പകരം എട്ട് ലൈനാക്കി പുനക്രമീകരിക്കണമെന്ന് അഭ്യർത്ഥിച്ച് 14.05.2019 തീയതി വച്ച് എം.എൽ.എ. നൽകിയ കത്ത് ഈ വകുപ്പിൽ ലഭ്യമായിട്ടില്ല. |
| (സി) | ജില്ലാ, സംസ്ഥാനതല കായിക മത്സരങ്ങൾ ആറ് ലൈൻ ട്രാക്കുകളിൽ സംഘടിപ്പിക്കാറുണ്ടോ; | (സി) | ജില്ലാതല മത്സരങ്ങൾ സംഘടിപ്പിക്കുമ്പോൾ എട്ട് ലെയിൻ ട്രാക്കിനുള്ള വിസ്തീർണവും സൗകര്യവും ഇല്ലാത്ത സാഹചര്യങ്ങളിൽ ആറ് ലെയിൻ ട്രാക്കിൽ സംഘടിപ്പിക്കാറുണ്ട്. എന്നാൽ സംസ്ഥാനതല മത്സരങ്ങൾ എല്ലാം തന്നെ എട്ട് ലെയിൻ ട്രാക്കുകളിലാണ് സംഘടിപ്പിക്കാറുള്ളത്. |
| (ഡി) | മലപ്പുറം ജില്ലയിൽ എട്ട് ലൈനോട് കൂടിയ നാനൂറ് മീറ്റർ സ്റ്റേഡിയം | (ഡി) | മലപ്പുറം ജില്ലയിൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ തേഞ്ഞിപ്പലത്ത് 8 ട്രാക്കോടു കൂടിയ |

| | | | |
|---|---|---|---|
| | എവിടെയൊക്കെയാണുള്ളതെന്ന് അറിയിക്കാമോ? | | 400 മീറ്റർ സിന്തറ്റിക് സ്റ്റേഡിയവും മഞ്ചേരിയിലെ ജില്ലാ സ്പോർട്സ് കോംപ്ലക്സിൽ 8 ട്രാക്കോടു കൂടിയ 400 മീറ്റർ മഡ് ട്രാക്കും നിലവിലുണ്ട്. കൂടാതെ, മഞ്ചേരി സ്റ്റേഡിയം 8 ലെയിനോടു കൂടിയ 400 മീറ്റർ സിന്തറ്റിക് ട്രാക്ക് ഉൾപ്പെടെ വികസിപ്പിക്കുന്നതിനുള്ള പദ്ധതി കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**